## പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ

204 [592] ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ജനപ്രതിനിധികൾക്ക് ഓറിയന്റേഷൻ പ്രോഗ്രാം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കുമോ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം വിഷയത്തിലാണെന്നും എപ്പോഴാണെന്നും അറിയിക്കുമോ?

### ഉത്തരം

(എ) പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് 2009-10 സാമ്പത്തിക വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന പരിപാടികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി & സി) പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് നിയമസഭാസമാജികർക്കായി പരിശീലന പരിപാടികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇന്ത്യൻ ഭരണഘടന, നിയമ നിർമ്മാണം, നിയമസഭാ നടപടിക്രമങ്ങൾ എന്നീ വിഷയങ്ങളിലാണ് പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്. ഇതിനകം ഇത്തരം രണ്ട് പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ഈ വർഷത്തെ പരിശീലന പരിപാടിയുടെ സമയക്രമം നിശ്ചയിച്ചിട്ടില്ല.

## പാലക്കാട് റെയിൽവെ കോച്ച് ഫാക്ടറി

205 [593] ശ്രീ. എം. ചന്ദ്രൻ:

,, വി. ചെന്താമരാക്ഷൻ:

,, കെ. കെ. ദിവാകരൻ:

,, എം. ഹംസ:

,, ടി. പി. കുഞ്ഞുണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് റെയിൽവേ കോച്ച് ഫാക്ടറി ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) പദ്ധതിക്ക് കേന്ദ്ര ആസൂത്രണ കമ്മീഷന്റെ അനുമതി ലഭിച്ചിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly